പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.305 | 17.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ആന്റിബയോട്ടിക് ചേർത്ത പാൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, എം. ഉമ്മർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ആന്റിബയോട്ടിക് ചേർത്ത പാൽ കേരളത്തിൽ എത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആന്റിബയോട്ടിക് ചേർത്ത പാൽ ഇതര സംസ്ഥാനങ്ങളിലും ഉത്തരേൻഡ്യൻ സംസ്ഥാനങ്ങളിലും വിൽപ്പന നടത്തുന്നുണ്ടെന്ന പത്രവാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ അതിന്റെ നിജസ്ഥിതി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | ആന്റിബയോട്ടിക്ക് ചേർത്ത പാൽ രാജ്യത്ത് പല സ്ഥലങ്ങളിലും ലഭ്യമാണെന്നുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. ഇത്തരത്തിൽ ആന്റിബയോട്ടിക്ക് ചേർത്ത പാൽ പരിശോധനയിൽ കണ്ടെത്തിയതായി ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാനങ്ങളെ അറിയിച്ചിട്ടില്ല.<br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളെ 8 ക്ലസ്റ്ററുകളായി തിരിച്ച് സർവ്വെ നടത്തി വരികയാണ്. ഇതിൽ തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നീ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളടങ്ങിയ 5-ാം ക്ലസ്റ്ററിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സെപ്റ്റംബർ 29ന് ഡൽഹിയിൽ നടന്ന സെൻട്രൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും മായം ചേർത്തത് കണ്ടുപിടിക്കുന്നതിനും ആവശ്യമായ Electronic Milk Adultertion Tester with milk analyser എന്ന ഉപകരണം 2 എണ്ണം കേരളത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനു ശേഷം ഈ ഉപകരണം ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ കുടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ വിൽപ്പന നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുമുണ്ട്. |
| സി) | ഇത്തരം പാനീയങ്ങൾ സംസ്ഥാനത്തിനകത്ത് എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | സി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 21-ാം വകുപ്പു പ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റിബയോട്ടിക്ക്സിന്റെയോ, കീടനാശിനികളുടെയോ വെറ്ററിനറി ഡ്രഗ്സിന്റെയോ അംശം ഭക്ഷണപദാർത്ഥത്തിൽ അനുവദനീയമല്ല. ഇതനുസരിച്ച് അനുവദനീയമല്ലാത്ത ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കുടാതെ ഇത്തരം ഭക്ഷ്യവസ്തുക്കൾ നിരോധിക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ